File No.TCPKZD/2839/2019-C1

"ഭരണഭാഷ-മാതൃഭാഷ"

**നഗര-ഗ്രാമാസൂത്രണ വകുപ്പ്**
**കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം**
**(ഹാജർ . ഐഷ.പി.എ)**

വിഷയം:- കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ 12 -ാം വാർഡിൽ അൺസർവെയിൽപ്പെട്ട സ്ഥലത്ത നിലവിലുള്ള 12/916 മുതൽ 917 വരെ നമ്പറോട് കൂടിയ 2 നില കെട്ടിടത്തോട് കൂട്ടിച്ചേർത്ത നിർമിച്ച രണ്ടാംനില അനധികൃത നിർമാണം ക്രമവൽക്കരിക്കുന്നതിന് - ശ്രീ. ജോസഫ് കുന്നേൽ എന്നവരുടെ അപേക്ഷയിൽ -അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:1) G.O(P) No. 12/2018/LSGD dated 15/02/2018.
2) G.O(Rt) No. 857/2018/LSGD dated. 27/03/2018
3) സെക്രട്ടറിയുടെ 01.08.19-ലെ എ 2- 2665/19 നമ്പർ കത്ത്.
4) അനധികൃത നിർമാണം ക്രമവൽക്കരിക്കുന്നതിനായുള്ള കമ്മിറ്റിയുടെ 21.10.2019-ലെ യോഗതീരുമാനം

---

റ്റിസിപികെഇസെഡ് ഡി-2839/2019-സി1 /കെ.ഡിസ് തീയതി. 02/11/2019

---

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ അൺസർവെയിൽപ്പെട്ട സ്ഥലത്ത നിലവിലുള്ള 12/916 മുതൽ 917 വരെ നമ്പറോട് കൂടിയ 2 നില കെട്ടിടത്തോട് കൂട്ടിച്ചേർത്ത നിർമിച്ച രണ്ടാംനില അനധികൃത നിർമാണം കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) നിർമ്മാണചട്ടം-2018 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമാണം നടത്തിയ പ്ലോട്ടിന്റെ ഉടമസ്ഥത , അതിരളവുകൾ, അപേക്ഷകന് നിർമാണം നടത്തുന്നതിനുള്ള അവകാശം, തരം എന്നിവ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2.പ്ലാനിൽ രേഖപ്പെടുത്തിയതുപ്രകാരമുള്ള കാർപാർകിങ്, ടൂവീലർ പാർക്കിംഗ്, മഴവെള്ളസംഭരണി, അംഗപരിമിതർക്കായുള്ള പ്രത്യേക പാർക്കിംഗ് , അംഗപരിമിതർക്കായുള്ള ശുചിമുറി , എന്നിവ പ്രായോഗികമായി നിർമിച്ച ബോധ്യപ്പെട്ടതിനുശേഷം മാത്രമേ ഒക്യുപ്പൻസി അനുവദിക്കാൻ പാടുള്ളൂ.
3.എല്ലാ നിലകളിൽനിന്നും ഭൂമിയിലേക്ക് ഇറങ്ങാനുള്ള വഴി സൗകര്യപ്പെടുത്തിയിട്ടുണ്ടെന്ന് ഒക്യുപ്പൻസി അനുവദിക്കുന്നതിനുമുമ്പ് ഉറപ്പ് വരുത്തേണ്ടതാണ്.
4.ഈ ഉത്തരവ് പ്രകാരം ക്രമവൽക്കരിക്കപ്പെടുന്ന കെട്ടിടത്തിൽ പിന്നീട് കൂട്ടിച്ചേർത്ത് നിർമാണം അനുവദിക്കുവാനോ ക്രമവൽക്കരണം അനുവദിക്കുവാനോ പാടുള്ളതല്ല. ഈ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ് .
5. കോമ്പൌണ്ടിങ് ഫീ ആയി 50674 /-രൂപ അടച്ചിരിക്കേണ്ടതാണ്. ഇതിൽ പകുതി തുക "0515-other development programme 800-other receipts-92-"compounding fee for regularization of unauthorized construction violating provisions of building rules" എന്ന ഹെഡ് ഓഫ് അക്കൌണ്ടിൽ സർക്കാർ ട്രഷറിയിലും ബാക്കി പകുതി ബന്ധപ്പെട്ട പഞ്ചായത്തിലും അടവാക്കേണ്ടതാണ്.

അംഗീകരിച്ച സൈറ്റ്പ്ലാൻ ടിപിആർഎ/32/2019 എന്ന നമ്പരായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

ഐഷ പി.എ
നഗരാസൂത്രക , കോഴിക്കോട്

സ്വീകർത്താവ്:
സെക്രട്ടറി (ഒരു സെറ്റ് പ്ലാൻ സഹിതം)

---

**പകർപ്പ്.- 1) ശ്രീ. ജോസഫ് കുന്നേൽ. കുന്നേൽ ഹൌസ്**
പി.ഒ കൂടരഞ്ഞി, കോഴിക്കോട് -673 604
2) വെബ്സൈറ്റ് 3) കരുതൽ

DESPATCHED
Date 04/11/19